കടമ്മനിട്ടപ്പള്ളി

www.kadammanittapally.com

2023 January

അഷ്ടദശ ശതാബ്ദി പെരുന്നാൾ സപ്ലിമെന്റ്

സെന്റ് ജോൺസ് ഓർത്തഡോക്സ് ചർച്ച്, കടമ്മനിട്ട

മുന്നുര

കർത്താവിൽ പ്രിയ ദൈവമക്കളേ,

കടമ്മനിട്ടയിലെ അതിപുരാതനമായ കടമ്മനിട്ടപ്പള്ളിയുടെ 180–ാമത് പെരുന്നാൾ ആഗതമാവുകയാണല്ലോ. നമ്മുടെ ഇടവകയുടെയും ദേശത്തിന്റെയും കാവൽപിതാവായ പരിശുദ്ധ യൂഹാനോൻ മാംദാനയുടെ ഓർമ്മപ്പെരുന്നാൾ **2023 ജനുവരി 20, 21 (മകരം 6, 7) തീയതികളിൽ** പൂർവ്വാധികം ഭംഗിയായി കൊണ്ടാടുവാൻ കർത്താവിൽ ശരണപ്പെടുന്നു.

“കർത്താവിന്റെ വഴി ഒരുക്കുവീൻ അവന്റെ പാത നിരപ്പാക്കുവീൻ” എന്നുവിളിച്ചു പറഞ്ഞവന്റെ വാക്കിനു നമുക്ക് ചെവികൊടുക്കാം. വാളിനെക്കാൾ മൂർച്ചയുള്ള വാക്കുകളാൽ അധാർമ്മികയ്ക്ക് എതിരെ ആഞ്ഞടിച്ച കൊടുങ്കാറ്റായിരുന്നു പരിശുദ്ധ പിതാവ്. ജനഹൃദയത്തിൽ അനുതാപത്തിന്റെ വിത്തുകളെ വിതറി, ജ്ഞാനത്തിന്റെയും വിനയത്തിന്റെയും ആത്മാവിനെ അതിലേക്ക് നിറച്ച്, നസ്രായനായ യേശുവിന്റെ മുന്നോടിയായി മാറിയ വി.യോഹന്നാൻ മാംദാനയുടെ പാത നമുക്ക് പിൻതുടരാം.

പ്രിയ ദൈവമക്കളെ, ഈ വർഷത്തെ പെരുന്നാൾ നമുക്ക് ഏറ്റവും പ്രിയപ്പെട്ടതാണല്ലോ. നമ്മുടെ ഇടവകപ്പള്ളി സ്ഥാപിതമായിട്ട് 180 വർഷം തികയുകയാണ്. പൂർവ്വിക പിതാക്കന്മാരുടെ ത്യാഗത്തിന്റെയും കഷ്ടതയുടെയും സഹനത്തിന്റെയും ഫലമാണ് നമ്മുടെ ദേവാലയം. 18–ാം നൂറ്റാണ്ടിന് മുൻപ് തന്നെ 'കടമാൻതിട്ട' എന്ന കടമ്മനിട്ട ദേശത്ത് മലങ്കര നസ്രാണികൾ കുടിയേറി പാർത്തിരുന്നു. ദൂരെയുള്ള കോഴഞ്ചേരി പള്ളിയെ വിവിധ കർമ്മങ്ങൾക്കായി ആശ്രയിക്കുന്നതു ദുഃസഹമായതിനാൽ പിതാക്കന്മാരുടെ പ്രാർത്ഥനയാൽ പരിശുദ്ധ യൂഹാനോൻ മാംദാനയുടെ നാമത്തിൽ ആദ്യ ചാപ്പൽ പണികഴിപ്പിച്ചു. കുറെ നാളുകൾക്കുശേഷം കടമ്മനിട്ട ദേശത്ത് വസൂരി പടർന്നു പിടിച്ചപ്പോൾ പിതാക്കന്മാർ പരിശുദ്ധ മാംദാനായെ ഓർത്ത് പ്രാർത്ഥിക്കുകയും, മകരം 6, 7 തീയതികളിൽ വലിയ പെരുന്നാൾ നടത്തി നേർച്ച അർപ്പിക്കാം എന്ന് നേരുകയും ചെയ്തതാണ് കടമ്മനിട്ട പെരുന്നാൾ. 1989 ൽ പുതിയ പള്ളിയും പണികഴിപ്പിച്ചു. വി.യോഹന്നാൻ മാംദാനയുടെയും, പരി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെയും പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമാണ്.

വിശുദ്ധിയോടും പ്രാർത്ഥനയോടും വരും ദിവസങ്ങളിൽ പുണ്യവാന്റെ പെരുന്നാൾ നമുക്ക് ഒന്നിച്ചുകൂടാം. ഇത്തവണത്തെ പെരുന്നാളിൽ ഇടവകയുടെ കുടുംബസംഗമവും ഏറ്റവും ഭംഗിയായി നടത്തുവാൻ സാധിക്കും എന്നതിൽ അതിയായി സന്തോഷിക്കുന്നു. ഈ വർഷത്തെ പെരുന്നാളിനു **അങ്കമാലി ഭദ്രാസനാധിപൻ അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് തിരുമനസ്സു കൊണ്ട് മുഖ്യകാർമ്മികത്വം വഹിക്കും.** വചനശുശ്രൂഷയിലും പെരുന്നാളിലും നോമ്പാനുഷ്ഠാനത്തോടും വ്രതശുദ്ധിയോടും നമുക്ക് പങ്കുചേരാം. എല്ലാ ദേശനിവാസികളെയും ഇടവക ജനങ്ങളെയും ആയതിലേക്ക് ദൈവനാമത്തിൽ സ്വാഗതം ചെയ്യുന്നു. ഇടവകയുടെ പെരുന്നാൾ ഏറ്റവും ഭംഗിയായി നടത്തുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

എന്ന്, കർത്തൃശുശ്രൂഷയിൽ

വികാരി	സെക്രട്ടറി	ട്രസ്റ്റി
ഫാ. ജിജി ശാമുവേൽ	**ബേബിക്കുട്ടി സി. ജി , ചിറയ്ക്കൽ**	**അലക്സ് കുളത്തൂരാൻ, കുളത്തൂർ**

ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു

എഡിറ്റോറിയൽ

"എങ്കിലും എന്റെ ദൈവമായ യഹോവേ, അടിയൻ ഇന്നു കഴിക്കുന്ന നിലവിളിയും പ്രാർത്ഥനയും കേൾക്കേണ്ടതിനു അടിയന്റെ പ്രാർത്ഥനയിലേക്കും യാചനയിലേക്കും തിരിഞ്ഞു കടാക്ഷിക്കേണമെ. അടിയൻ ഈ സ്ഥലത്തുവച്ച് കഴിക്കുന്ന പ്രാർത്ഥന കേൾക്കേണ്ടതിന് നിന്റെ നാമം ഉണ്ടായിരിക്കുമെന്ന് നീ അരുളിചെയ്ത സ്ഥലമായ ഈ ആലയത്തിലേക്ക് രാവും പകലും തൃക്കൺപാർത്തരുളണമെ. ഈ സ്ഥലത്തുവച്ച് പ്രാർത്ഥിപ്പാനിരിക്കുന്ന അടിയന്റെയും നിന്റെ ഇസ്രയേലിന്റെയും യാചന നിന്റെ വാസസ്ഥലമായ സ്വർഗത്തിൽ കേൾക്കേണമേ.. കേട്ടു ക്ഷമിക്കേണമെ".

യെരുശലേം ദേവാലയത്തെ ദൈവ മുമ്പാകെ സമർപ്പിച്ചുകൊണ്ട് യിസ്രായേൽ രാജാവായ ശലോമോൻ ദൈവസന്നിധിയിൽ നിലവിളിച്ചു പ്രാർത്ഥിച്ച ഈ പ്രാർത്ഥന കടമ്മനിട്ടയുടെ മണ്ണിനുവേണ്ടി നമ്മുടെ പിതാക്കന്മാർ ദൈവ സന്നിധിയിൽ കരഞ്ഞിട്ടു ഇന്നേക്ക് 180 വർഷമാകുകയാണ്. ദൈവം ചെവി ചായിച്ച് ആ പ്രാർത്ഥന കേൾക്കുകയും, കേട്ട് അവരുടെ സന്തതികളായ നമ്മെ അനുഗ്രഹിക്കുകയും ചെയ്തിരിക്കുന്നു.

ദേഹം വിയർത്ത്, കഠിനാധ്വാനത്തിലൂടെ തങ്ങൾക്കും വരും തലമുറയ്ക്കും വേണ്ടി പണിതുയർത്തപ്പെട്ട കടമ്മനിട്ടപ്പള്ളി, മോശ പിത്തള സർപ്പത്തെ യിസ്രായേൽ ജനതയുടെ നടുവിൽ ഉയർത്തിയപോലെ, ദേശത്തുപടർന്നുപിടിച്ച അകമലരി അഥവാ വസൂരി എന്ന വ്യാധി പിടിച്ചുനിർത്താൻ വി. യോഹന്നാൻ മാംദാനയുടെ നാമം ദേശത്തിന്മേൽ ഉയർത്തപ്പെട്ടു. ജൂലിയൻ കലണ്ടർ പ്രകാരം മകരം 6, 7 തീയതികളിൽ മാർ യൂഹാന്നോൻ മാംദാനയുടെ പുകഴ്ചയും ശിരച്ഛേദനവും സഭ ക്രമീകരിച്ചിരുന്നത് ഇടവകയുടെ പെരുന്നാളായി ചേർക്കപ്പെട്ടു.

ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും അരയിൽ തോൽവാറും കാട്ടുതേനും വെട്ടിക്കിളിയും ആഹാരമാക്കി, സർവ്വപരിത്യാഗിയായി യോഹന്നാൻ വിളിച്ചുപറഞ്ഞ് 'സ്വർഗരാജ്യം സമീപിച്ചിരിക്കുകയാൽ മാനസാന്തരപ്പെടുവിൻ' ഇരുകരയുമുള്ള എല്ലാ നാട്ടുകാരും പുറപ്പെട്ട് അവന്റെ അടുക്കൽ ചെന്ന് പാപങ്ങളെ ഏറ്റുപറഞ്ഞ് യോർദാനിൽ സ്നാനം ഏറ്റു. 'ഇപ്പോൾ സമ്മതിക്ക, ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്ക് ഉചിതം' എന്ന യേശു തമ്പുരാന്റെ സ്നേഹപൂർവ്വമായ നിർബന്ധത്താൽ നമ്മുടെ കർത്താവിനെ മാമോദീസാ കഴിപ്പിക്കുവാനുള്ള ഭാഗ്യവും വി.യോഹന്നാൻ മാംദാനയ്ക്ക് ഉണ്ടായി.

അദ്ദേഹം തൊടുത്തുവിട്ട ചാട്ടുളികൾ കുറഞ്ഞൊന്നുമല്ല. 'ഇപ്പോൾ തന്നെ വൃക്ഷങ്ങളുടെ ചുവടിനു കോടാലി വച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ട് കളയുന്നു'

'അവൻ കാലത്തെ മുറ്റം വെടിപ്പാക്കി ഗോതമ്പ് കളപ്പുരയിൽ കെട്ടിവയ്ക്കുകയും, പതിർകെടാത്ത തീയിലിട്ട് ചുട്ടുകളയുകയും ചെയ്യുന്നു.

ഇത്തരത്തിൽ തീക്ഷ്ണനും, ശക്തനുമായ ഒരു കാവൽ പിതാവിനാൽ സംരക്ഷിതമാണ് നമ്മുടെ ദേശവും, ഇടവക ജനങ്ങളും. നമ്മുടെ ആത്മീയ ജീവിത ക്രമത്തെ അപ്രകാരം തന്നെ ഉറപ്പിക്കാം. 'എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവൻ, അവന്റെ ചെരുപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല' എന്ന് തന്നെത്താൻ താഴ്ത്തിയവൻ 'സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാനേക്കാൾ വലിയവൻ ആരുമില്ല' എന്ന് ഉയർത്തപ്പെടുന്നതും നമുക്ക് കാണാനാകും.

തന്റെ ജീവനെ തന്നെ ബലി കൊടുക്കേണ്ടി വന്നാലും സത്യത്തിനും നീതിക്കുംവേണ്ടി അണുവിട വിട്ടുവീഴ്ച ഇല്ലാത്ത ധൈര്യശാലി ആയിരുന്നു അദ്ദേഹം. അനീതിക്കെതിരെ വിരൽ ചൂണ്ടി സംസാരിക്കപ്പെട്ടതിന്റെ പേരിൽ തല അറുക്കപ്പെട്ട വി.യോഹന്നാൻ മാംദാനായെ അദ്ദേഹത്തിന്റെ മരണശേഷവും ഹേരോദാവ് ഭയപ്പെട്ടിരുന്നു എന്ന് ദേവപുസ്തകം സാക്ഷിക്കുന്നു. പല പ്രതിസന്ധികളും ഇടവകയും, ഇടവക ജനങ്ങളും അകപ്പെട്ടപ്പോൾ സത്യമാർഗ്ഗത്തിൽ തല ഉയർത്തി നിൽക്കുവാൻ ജനതയ്ക്ക് ശക്തിപകർന്നത് കാവൽ പിതാവിന്റെ മദ്ധ്യസ്ഥതയല്ലാതെ മറ്റൊന്നുമല്ല.

180 വർഷം പിന്നിടുന്ന ഈ വേളയിൽ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് കൂടുതൽ ശരണപ്പെടാം. നമ്മുടെ പൂർവ്വിക പിതാക്കന്മാരെ വഴി നടത്തിയ ദൈവം നമ്മളെയും വഴി നടത്തും. ആയതിന് വി.ദൈവമാതാവിന്റെ മദ്ധ്യസ്ഥതയും, വി.യോഹന്നാൻ മാംദാനയുടെയും, പരി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെയും സകല ശുദ്ധിമാൻമാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനയും നമുക്ക് താങ്ങും തണലുമാകട്ടെ

നമ്മുടെ ഇടവക ദേശത്തിനു വിളക്കായി ശോഭിക്കട്ടെ, ദൈവത്തിന്റെ പ്രിയപുത്രന്റെ നാമം കടമ്മനിട്ട പള്ളിയിലൂടെ ദേശത്തിന് അനുഗ്രഹമാകുന്നു.

മരുഭൂമിയെ കുളിരണിയിച്ച ശബ്ദം...

ഫാ. ജോബ്സൺ ഏബ്രഹാം

അവതാരിക

രണ്ടായിരം വർഷങ്ങൾക്കു മുമ്പേ യഹൂദ്യ മരുഭൂമിയിൽ മനുഷ്യാവതാരത്തെ ഉറക്കെ വിളിച്ചു പറഞ്ഞ ആ മാറ്റൊലി കഴിഞ്ഞ രണ്ട് നൂറ്റാണ്ടായി കടമ്മനിട്ടയുടെ മണ്ണിലും മുഴങ്ങിക്കേൾക്കുന്നു. ലോകരക്ഷകൻ തന്നെ പരി. യൂഹാനോന്റെ അതുല്യതയെ സാക്ഷ്യപ്പെടുത്തുന്നത്, സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ ഏറ്റവും ശ്രേഷ്ഠൻ എന്നാണ്. കാരണം ഉദരത്തിൽവച്ചു തന്നെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുകയും, ഉദരത്തിൽ വച്ചുതന്നെ തന്റെ രക്ഷകന്റെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്തവനായിരുന്നു സ്നാപകയോഹന്നാൻ. പൗരോഹിത്യ പാരമ്പര്യമുള്ള സക്കറിയ പുരോഹിതന്റെയും ഏലിശുബായുടെയും ഏക മകനായ സ്നാപകൻ ഒരു നാസീർ വ്രതക്കാരനായി വളർന്നു. മരുഭൂമിയുടെ ഏകാന്തതയിൽ തികഞ്ഞ സന്യാസിയായി ജീവിച്ചു. തിബരിയോസ് കൈസറിന്റെ ഭരണകാലത്ത് യോർദ്ദാനക്കരെ മാനസാന്തരസ്നാനം പ്രസംഗിച്ചുകൊണ്ട് വരുവാനുള്ള മിശിഹായ്ക്കായി ജനത്തെ ഒരുക്കുന്ന ശുശ്രൂഷ ആരംഭിച്ചു. ലോകരക്ഷകനെ സ്നാനം കഴിപ്പിക്കുകയും, അവൻ 'വാഗ്ദത്ത മശിഹാ' ആണെന്ന് ലോകത്തിനുമുന്നിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. യേശുവിനെ വാഗ്ദത്ത മശിഹായായി ലോകത്തിനു മുന്നിൽ നേരിട്ട് ചൂണ്ടിക്കാണിപ്പാനും, യോർദാനിൽ രക്ഷകന്റെ തലയിൽ വലതുകരം വയ്ക്കുവാനും ഭാഗ്യം സിദ്ധിച്ചവൻ ലോക ചരിത്രത്തിൽ വേറാരുമില്ല. അതിനാൽ നിസ്സംശയം നമുക്കും പ്രഘോഷിക്കാം, സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ വിശുദ്ധ യൂഹാനോനെ.. നിന്നെക്കാൾ ശ്രേഷ്ഠനില്ല...

അല്പം വെട്ടുകിളിയും കാട്ടുതേനും ആഹരിച്ച്, കാട്ടാറിലെ വെള്ളവും കുടിച്ച്, തോൽവസ്ത്രത്തിൽ നഗ്നത മറച്ചുകൊണ്ട് സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പെടുവിൻ. എന്ന് ലോകത്തോട് പ്രഖ്യാപിച്ച്, അവനോ വളരണം ഞാനോ കുറയണം എന്ന വിനയസ്വരത്തിലൂടെ സ്നാപകൻ തന്നിലെ ദൈവഭാവം വെളിവാക്കുന്നു..

ആ ധന്യജീവിതം തിന്മകളോട് ഉപാധികളില്ലാത്ത പോരാട്ടമായിരുന്നു. തന്റെ സ്ഥാനമോ, നേട്ടമോ, ജീവനെ തന്നെയോ ഗണ്യമാക്കാതെ സത്യത്തിന് സാക്ഷിയാകുവാൻ ജീവിതം സമർപ്പിച്ചു. രാജാവിന് മുന്നിലും തെറ്റിനെ ചൂണ്ടിക്കാണിക്കുന്ന ധാർമ്മിക അടിത്തറ നമുക്കും പ്രേരിതമാവണം. തിന്മയ്ക്കെതിരെ അതിശക്തമായി പ്രതികരിക്കുന്ന സ്നാപകയോഹന്നാന്റെ ആത്മാവ് നമ്മിലും ബലപ്പെടേണ്ടിയിരിക്കുന്നു. ആ പുണ്യജീവിതത്തെ അടുത്തറിയുമ്പോൾ യേശുവിന്റെ മുന്നോടി, സ്നാപകൻ, സത്യത്തിന്റെ പ്രസംഗകൻ, മരുഭൂമിയിലെ ശബ്ദം, വെള്ളിനക്ഷത്രം, പുതിയ നിയമ ഏലിയാവ് ഇങ്ങനെ വിശേഷണങ്ങൾ മതിവരാതെ വരുന്നു.

നമുക്ക് പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല അന്ധകാരത്തിന്റെ വാഴ്ചകളോടാണ്. അന്ധകാരത്തിന്റെ വാഴ്ചസ്ഥലം മരുഭൂമിയാണ്. മരുഭൂമി സാത്താന്റെ ഗുഹ എന്നാണ് കാഴ്ചപ്പാട്. അവിടേക്ക് പോയി പോരാട്ടം ചെയ്ത പ്രവാചകൻ ഗാംഭീര്യത്തോടെ മാറ്റത്തിന്റെ ചക്രവാളത്തിലേക്ക് ചൂണ്ടുവിരൽ നീട്ടുന്നു. നഷ്ടപ്പെടുവാൻ ഒരുപാടുണ്ടെന്ന് കരുതി സകലരോടും, സകലത്തിനോടും പൊരുത്തപ്പെടുമ്പോൾ ഒടുവിൽ നാം സ്വയം നഷ്ടപ്പെടുന്നു എന്ന സത്യം ആ ജീവിതം ഓർമിപ്പിക്കുന്നു. മഹത്തായ ഒരു ലക്ഷ്യം അസാധാരണമായ ഒരു പദ്ധതി (രക്ഷാകര പദ്ധതി) പ്രവാചകനെ പ്രചോദിപ്പിക്കുമ്പോൾ വിലങ്ങുകൾ എല്ലാം വഴിമാറി പരിമിതികൾ അതിജീവിക്കുവാൻ കഴിയുന്നു. അയാളുടെ വാക്കുകളിലും, സ്വപ്നങ്ങളിലും, ദർശനങ്ങളിലും ക്രിസ്തു ആയിരുന്നു. അതുകൊണ്ടുതന്നെ ഭൂലോകത്തിന് ജനിച്ച ജീവികളിൽ ഏറ്റവും ആഴവും അഴകുമുള്ള ജന്മമായി ക്രിസ്തുവിന് മുന്നോടിയായി സ്നാപകൻ മാറുന്നു.

എ ഡി 1842 കാലയളവിൽ നമ്മുടെ പൂർവ്വ പിതാക്കന്മാർ സ്നാപകയോഹന്നാന്റെ മധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട്, പരിശുദ്ധന്റെ നാമത്തിൽ കടമ്മനിട്ടയുടെ മണ്ണിൽ ഒരു ചാപ്പൽ പണികഴിപ്പിച്ചു. പിന്നീട് വസൂരിയാൽ ദേശം വിലപിച്ചപ്പോൾ അഭയകേന്ദ്രമായതും സ്നാപകൻ തന്നെ. പരിശുദ്ധന്റെ മധ്യസ്ഥതയിൽ ദേശത്തു നിന്ന് പകർച്ചവ്യാധി നീക്കപ്പെടുകയും ചെയ്തു. പിന്നീട് മകരം 6, 7 തീയതികളിൽ ദേശത്തിന്റെ പെരുന്നാൾ ആയി കൊണ്ടാടുവാനും ആരംഭിച്ചു.

സ്നാപകന്റെ ജീവിതം പ്രസംഗവും, പ്രസംഗം ജീവിതവും ആയിരുന്നു. ഒരുപക്ഷേ ലോകത്തിന്റെ കാഴ്ചപ്പാടിൽ അദ്ദേഹം ഒരു ഭ്രാന്തനായ വിപ്ലവകാരിയോ, ഭോഷനായ സന്യാസിയോ ആയിരിക്കാം, പക്ഷേ പുതിയനിയമ രക്ഷാചരിത്രത്തിൽ അതുല്യ തേജസ്സായി പരിശുദ്ധൻ വിളങ്ങുന്നു. തന്റെ മരണംവരെയും ക്രിസ്തുവിനെ പ്രഘോഷിച്ചു, സാക്ഷ്യപ്പെടുത്തി, ഏറ്റുപറഞ്ഞു... തിന്മയുടെ മൂടുപടത്താൽ നന്മയെ മറച്ചു പിടിക്കാൻ ശീലിക്കുന്ന പുതിയ കാലത്തിൽ, കേൾവിയുടെ അഭാവം നമ്മെ ഗ്രസിക്കുമ്പോൾ ഹൃദയപൂർവം കേൾക്കണം, മരുഭൂമിയിൽ മുഴങ്ങികേൾക്കുന്ന ആ ശബ്ദ തരംഗങ്ങളെ.. നിയോഗങ്ങൾക്ക് കാതോർക്കുകയും, ആ നിയോഗങ്ങൾക്കായി ജീവിതം എഴുതി നൽകുകയും ചെയ്ത സ്നാപകൻ പൂമരം പോലൊരു ജന്മമായി തളിരേകി.. തണലേകി.. ഫലമേകി.. നാടിനു വിളക്കായി ശോഭിക്കുന്നു.

മനസ്സുനിറഞ്ഞ് കടമ്മനിട്ടപ്പള്ളി പെരുന്നാൾ

ഡോ. ജോസഫ് മാർ ദീവന്ന്യാസിയോസ് മെത്രാപ്പോലീത്ത



കടമ്മനിട്ട സെന്റ് ജോൺസ് ഓർത്തഡോക്സ് ചർച്ച് അതിന്റെ 180-ാമത് പെരുന്നാൾ 20, 21 തീയതികളിൽ ആഘോഷിക്കുകയാണ് എന്നതിൽ ബലഹീനനായ ഞാൻ നിങ്ങളോടൊപ്പം സന്തോഷിക്കുകയും എല്ലാവിധ അനുഗ്രഹങ്ങളും പ്രത്യേകമായി ആശംസിക്കുകയും ചെയ്യുന്നു. കടമ്മനിട്ട ഇടവക എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും അടുത്ത് ഹൃദയത്തിൽ സ്നേഹിക്കുന്ന ഒരു ദേവാലയമാണ്. 1998 മുതൽ 2001 വരെ മൂന്ന് വർഷത്തോളം ഈ ഇടവകയിൽ വികാരിയായി ശുശ്രൂഷ ചെയ്യുവാൻ ബലഹീനനായ എനിക്ക് സാധിച്ചു എന്നുള്ളത് ഒരു വലിയ ഭാഗ്യമായി ഞാൻ കാണുകയാണ്. ആ ഇടവക ഒരുപാട് ദൈവാനുഗ്രഹമുള്ള, ആളുകൾ അകമഴിഞ്ഞ് സ്നേഹിക്കുന്ന ഒരു ഇടവകയാണ്. ഇടവകയുടെ ചരിത്രം പറയുമ്പോൾ, 1842 ൽ ആണ് ആ ഇടവക രൂപം കൊള്ളുന്നത്. കടമ്മനിട്ട, പത്തനംതിട്ട പ്രദേശങ്ങളിലെ ആദ്യത്തെ ദേവാലയമാണ് കടമ്മനിട്ടപ്പള്ളി. കഴിഞ്ഞ 180 വർഷമായി കടമ്മനിട്ട ദേശത്ത് ദൈവനാമം പുകഴ്ത്തിപ്പെടുമാറ്, ആ ദേശത്തിന്റെ വിളക്കായി ഈ ദേവാലയം പ്രശോഭിക്കുന്നു എന്നുള്ളതിൽ നമുക്ക് എല്ലാവർക്കും ഈ സമയം പ്രത്യേകം സന്തോഷിക്കാം. ഏതാണ്ട് 20 വർഷങ്ങൾ കൂടി കഴിയുമ്പോൾ ശതാബ്ദി ആഘോഷിക്കുന്ന ഈ വലിയ ദേവലയം പൗരാണികമായ ഒരു ദേവാലയമായിത്തീരുന്നു എന്നതിൽ ആ സമയത്ത് നമുക്ക് ഒരുമിച്ച് ഒന്നുകൂടി ആഘോഷിക്കുവാനും സ്നേഹം പങ്കിടുവാനും സാധിക്കും എന്നും പ്രതീക്ഷിക്കാം. 1842 ൽ തുടങ്ങിയ ഈ ദേവാലയത്തിന് സഭയുടെ ചരിത്രത്തിലും പ്രധാനമായ ഒരു സ്ഥാനമുണ്ട്. 1876 ൽ പരി. പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നള്ളി മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടിയതിൽ കടമ്മനിട്ട ദേവാലയത്തിൽ നിന്നുള്ള പ്രതിനിധികൾ ആ സുന്നഹദോസിൽ സംബന്ധിച്ചിരുന്നു എന്ന് കാണുന്നു. അത്രമാത്രം പൗരാണികമായി പ്രാധാന്യമുള്ള പഴയ ദേവാലയങ്ങളിൽ ഒന്നാണ് കടമ്മനിട്ടപ്പള്ളിഎന്നുള്ളതിൽ നമുക്ക് അഭിമാനിക്കാം. ഈ പരിശുദ്ധ ദേവാലയം പരി. യൂഹാനോൻ മാംദാനയുടെ നാമത്തിലാണ്. അതിനുമൊരു ചരിത്ര പശ്ചാത്തലമുണ്ട് എന്ന് നിങ്ങൾക്കേവർക്കും അറിയാമെന്ന് ഞാൻ ചിന്തിക്കുകകയാണ്. ഒരു വലിയ വസൂരി ആ പ്രദേശത്ത് വരികയും മാറാരോഗം ആ പ്രദേശത്തെ ഗ്രഹിക്കുകയും ചെയ്തപ്പോൾ പരി. യൂഹാനോൻ മാംദാനയുടെ നാമത്തിൽ വിളിച്ച് അപേക്ഷിക്കുകയും മകരം 6, 7 തീയതികളിൽ യൂഹാനോൻ മാംദാനയും പെരുന്നാൾ ദേവാലയത്തിൽ കൊണ്ടാടാം എന്ന് നേർച്ചയായി പ്രാർത്ഥിച്ചു സമർപ്പിക്കുകയും ചെയ്തു. അങ്ങനെ യൂഹോനോൻ മാംദാനയുടെ വലിയ മദ്ധ്യസ്ഥത മൂലമായി ആ പ്രദേശത്ത് നിന്ന് വസൂരിയും വസന്തയും നീങ്ങിപ്പോയി എന്ന് ചരിത്രത്തിൽ നാം കാണുന്നു. വി.യൂഹാനോൻ മാംദാനയുടെ ഒരു വലിയ ആത്മീയ സാന്നിദ്ധ്യവും പ്രവർത്തന ശക്തിയും ഉള്ള ഒരു ദേവാലയമാണ് ഇത്. ആ ഇടവകയുടെ വികാരിയായി ബലഹീനനായ എനിക്ക് ശുശ്രൂഷ ചെയ്യാൻ സാധിച്ചത് ഒരു വലിയ അഭിമാനമായി കാണുകയാണ്. അവിടുത്തെ ആത്മീയ ശക്തിയും പ്രാർത്ഥനയുമൊക്കെ ഇന്നുമെന്റെ മനസിൽ നിറഞ്ഞുനിൽക്കുന്ന കാര്യമാണ്. അവിടെയുള്ള ആളുകളെല്ലാം സ്നേഹവും, പ്രാർത്ഥനയും, ആശംസയും വാരിക്കോരി തരുന്ന വ്യക്തികളും കുടുംബങ്ങളുമാണ്. അവിടെയുള്ളവർ ഇന്നും എന്നെ വിളിക്കുകയും സ്നേഹവും പ്രാർത്ഥനയും അറിയിക്കുകയും ചെയ്യുന്നു. ബലഹീനനായ എന്റെ പ്രാർത്ഥനയും ആശംസയും, പ്രത്യേകമായി ഈ അവസരത്തിൽ പെരുന്നാളിനു എല്ലാം ആശംസകളും നേരുന്നു. തമ്പുരാൻ ഉയരങ്ങളിൽ നിന്ന് ഇടവകയെ കൂടുതൽ വാഴ്ത്തി അനുഗ്രഹിക്കട്ടെ . ദൈവം ഏവരേയും വലതുതൃക്കരം നീട്ടി വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

ഇടവകയെ നടത്തി വാങ്ങിപ്പോയ ഇടവക പട്ടക്കാർ

റവ. ഫാ. പുത്തൻപുരയ്ക്കൽ ഗീവർഗ്ഗീസ് കത്തനാർ (കടമ്മനിട്ട കത്തനാർ)

കടമ്മനിട്ട ഇടവകയുടെ ആദ്യവൈദികൻ. മലങ്കര സഭയിലെ പ്രമുഖ വൈദികനായിരുന്ന ഇദ്ദേഹം ദേശത്തിന്റെയും സഭയുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുകയും കടമ്മനിട്ട കത്തനാർ/കടമ്മനിട്ട അച്ചൻ എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. പരി. പരുമല തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന ഇദ്ദേഹം പരി.പിതാവിനോടൊപ്പം ഊർശ്ലേം യാത്രയിൽ പങ്കാളിയായി. 1900 ൽ ഔദ്യോഗിക ആവിശ്യങ്ങൾക്കായി തിരുമേനിയോടൊപ്പം തിരുവനന്തപുരത്ത് എത്തിയ അദ്ദേഹം രോഗബാധിതനാകുകയും ദൈവ സന്നിധിയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. പരി.പരുമല തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ ഇംഗ്ലീഷ് സെമിത്തേരിയിൽ സംസ്കരിക്കപ്പെട്ടു.

റവ. ഫാ. പി.സി. വർഗ്ഗീസ്



പുത്തൻപുരയ്ക്കൽ ഗീവർഗ്ഗീസ് കത്തനാരിന്റെ നിര്യാണത്തെത്തുടർന്ന് അദ്ദേഹത്തിന്റെ മകനായ പി.സി. വർഗ്ഗീസ് പരി.വട്ടശ്ശേരിൽ തിരുമേനിയിൽ നിന്ന് 1916 ൽ വൈദികപ്പട്ടം സ്വീകരിച്ചു. ഇടവക വികാരിയായി സേവനമനുഷ്ഠിച്ചിരുന്ന ഇദ്ദേഹം 1933 ൽ കത്തോലിക്ക സഭയിലേക്ക് മാറി.

റവ. ഫാ. കെ.സി.ജേക്കബ്

കടമ്മനിട്ട പുത്തൻപുരയ്ക്കൽ കരിങ്ങാട്ടിൽ കുടുംബാംഗമായ ഇദ്ദേഹം വൈദീക സെമിനാരി പഠനത്തിനുശേഷം 1946 നവംബർ 17 ന് വൈദിക പട്ടം സ്വീകരിച്ചു. കടമ്മനിട്ട ഇടവകയുടെ വികാരിയായും മലങ്കര സഭയിലെ മറ്റ് ഇടവകകളുടെ വികാരിയായും സേവനം അനുഷ്ഠിച്ചു. 2020 ൽ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

ചരിത്ര നാൾവഴിയിലൂടെ....

സുബിൻ തോമസ്, വേക്കൽ

വി. യോഹന്നാൻ മാംദാനയുടെ നാമത്തിൽ സ്ഥാപിതമായ കടമ്മനിട്ടയുടെ മാതൃദേവാലയമായി നിലകൊള്ളുന്ന കടമ്മനിട്ടപ്പള്ളിയുടെ ചരിത്ര നാൾവഴിയിലൂടെ കടന്നുപോകുന്നു.

- 18–ാം നൂറ്റാണ്ടിന് മുമ്പുതന്നെ മദ്ധ്യതിരുവിതാംകൂറിന്റെ പലഭാഗത്തുനിന്നും കാർഷിക ആവശ്യങ്ങളെ മുൻനിർത്തി, പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മലയോര ഗ്രാമമായ കടമ്മനിട്ടയിലേയും സുറിയാനി ക്രിസ്ത്യാനികൾ കുടിയേറി പാർത്തു.
- മതപരമായ കൂദാശാനുഷ്ഠാനങ്ങൾ നടത്തുവാൻ അവർ ആശ്രയിച്ചിരുന്നത് സമീപ പ്രദേശമായ കോഴഞ്ചേരി സുറിയാനി വലിയപള്ളിയെ ആയിരുന്നു.
- കാടും മേടും താണ്ടി കോഴഞ്ചേരിയിലെത്തി വി. കുർബാനുഷ്ഠാനം, മാമോദീസ, വിവാഹം, ശവസംസ്കാരം എന്നിവ നടത്തുന്നതിന് വളരെ ബുദ്ധിമുട്ട് നേരിടേണ്ടി വന്നു. ആയതിനാൽ കടമ്മനിട്ട പ്രദേശത്തുതന്നെ അതിനുള്ള സൗകര്യം ഒരുക്കണമെന്ന് അവർ ആഗ്രഹിച്ചു.
- കടമ്മനിട്ടയിൽ ഒരു ചാപ്പൽ എന്ന ആശയം പിതാക്കന്മാരുടെ മനസ്സിൽ ഉടലെടുക്കുകയും സഭാപിതാക്കന്മാരുമായി അവർ സംസാരിക്കുകയും ചെയ്തു.
- പിതാക്കന്മാരിൽ നിന്ന് അനുമതി നേടിയ അവർ പുത്തൻപുരയ്ക്കൽ കുടുംബക്കാരുടെ വക സ്ഥലത്ത് ഒരു ചെറിയ പ്രാർത്ഥനാലയം സ്ഥാപിക്കുകയും പ്രാർത്ഥനകൾ നടത്തിവരികയും ചെയ്തു.
- പിതാക്കന്മാരുടെ അക്ഷീണ പ്രയത്നത്താൽ ഏ.ഡി. 1842 (കൊല്ലവർഷം 1018)ൽ പരിശുദ്ധ യോഹന്നാൻ മാംദാനായുടെ നാമത്തിൽ മുകളിൽ പരാമർശിച്ചിരിക്കുന്ന സ്ഥലത്ത് ഒരു ചാപ്പൽ സ്ഥാപിക്കുകയും ചെയ്തു.
- പ്രാദേശികമായ എല്ലാ ആവശ്യങ്ങൾക്കും കടമ്മനിട്ടയിൽ തന്നെ ഒരു വൈദികൻ ആവശ്യമായതിനാൽ പുത്തൻപുരയ്ക്കൽ കുടുംബത്തിൽ നിന്നും ചാണ്ടി മകൻ ഗീവർഗ്ഗീസ് എന്ന യുവാവിന് ഇടവകയ്ക്കുവേണ്ടി ആദ്യ കത്തനാരായി പട്ടം കെട്ടപ്പെട്ടു. ഇദ്ദേഹം പിൽക്കാലത്ത് സഭ മുഴുവൻ അറിയപ്പെടുന്ന വൈദികനായി മാറി. പരി. പരുമല തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിക്കുകയും പിതാവിനോടൊപ്പം ഊർശ്ലേം യാത്രയിൽ അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു.
- ഏതാനും കാലഘട്ടങ്ങൾക്കുശേഷം ലോകത്തെ ആകമാനം പിടിച്ചുലച്ച അകമലരി എന്നറിയപ്പെടുന്ന വസൂരി ബാധ കടമ്മനിട്ട എന്ന പ്രദേശത്തെയും ഭയപ്പെടുത്താതിരുന്നില്ല. ദൈവാശ്രയത്തിൽ ആശ്രയിച്ചിരുന്ന പൂർവ്വികർ ഒന്നുചേർന്ന് പ്രാർത്ഥിക്കുകയും ദേശത്തിന്റെ സൗഖ്യത്തിനായി നാടിന്റെ വിവിധ ഭാഗങ്ങളിലേക്ക് പ്രാർത്ഥനാ പ്രദക്ഷിണമായി കടന്നുചെല്ലുകയും ചെയ്തു. (ഇന്നു കാണുന്ന പള്ളിപ്പെരുന്നാൾ പ്രദക്ഷിണം) അതോടൊപ്പം മകരം 6, 7 തീയതികളിൽ വി. യോഹന്നാൻ മാംദാനായുടെ നാമത്തിൽ പെരുന്നാൾ കൊണ്ടാടാനും, വെള്ളേപ്പവും പഴവും പെരുന്നാൾ നേർച്ചയായി നൽകുവാനും തീരുമാനിക്കുകയും അപ്രകാരം നടത്തുകയും ചെയ്തു. (ഇന്നും ഈ പാരമ്പര്യപ്രകാരം പെരുന്നാൾ നടന്നുവരുന്നു)
- ഏ.ഡി. 1868 (കൊല്ലവർഷം 1044) ചാപ്പൽ പള്ളിയായി ഉയർത്തുകയും തിരുവിതാംകൂർ സർക്കാരിൽനിന്ന് ഉത്തരവ് വരുത്തി 5 കോൽ പൊക്കം മദ്ബഹായും 3 കോൽ പൊക്കം ഹൈക്കലായും ഉള്ള പള്ളി പണികഴിപ്പിക്കുകയും ചെയ്തു.
- ഏ.ഡി. 1869 ൽ അന്നത്തെ മലങ്കര മെത്രാപ്പൊലീത്ത ആയിരുന്ന പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസോസ് അഞ്ചാമൻ ദേവാലയം കൂദാശ ചെയ്തു.
- അന്ത്യോഖ്യൻ പാത്രിയർക്കീസ് ആയിരുന്ന പരി. പത്രോസ് ത്രിത്വീയൻ പാത്രിയർക്കീസ് ബാവ മലങ്കര സന്ദർശിച്ച സമയത്ത് ഏ.ഡി. 1875 ഒക്ടോബർ 31 ന് കടമ്മനിട്ടപ്പള്ളി സന്ദർശിക്കുകയും ഇവിടെ ഒരു വലിയ ദേവാലയം പണിയണം എന്ന് കൽപ്പിച്ച് പരി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിൽ പുതിയ പള്ളിക്കായി അടിസ്ഥാന ശില ഇടുകയും ചെയ്തു. പരിശുദ്ധ ബാവയോടൊപ്പം പരി. പരുമല തിരുമേനി റമ്പാനായി ഈ കർമ്മത്തിൽ സന്നിഹിതനായിരുന്നു.
- തുടർന്ന് നിലവിൽ ഉള്ള ദേവാലയം (പഴയ പള്ളി) ആ കല്ലിന്മേൽ ഉയർത്തപ്പെടുകയും കൂദാശ നിർവ്വഹിക്കപ്പെടുകയും ചെയ്തു.
- ഏ.ഡി. 1911 ൽ ഇടവകയിലെ 21 മൂലകുടുംബങ്ങൾ ചേർന്ന് ഉടമ്പടി എഴുതി ഉണ്ടാകുകയും ഇടവക പള്ളിയും വസ്തുവകകളും ഇടവക ഭരണസമിതിയുടെ കിഴീലേക്ക് കൊണ്ടുവരികയും, ഈ ഉടമ്പടി കൊല്ലവർഷം 1086 ധനു 30 ന് ആറന്മുള സബ് രജിസ്ട്രാറിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തു. കടമ്മനിട്ട മണ്ണാറക്കുളഞ്ഞി റോഡിൽ നിന്ന് പള്ളിയിലേക്കുള്ള വഴിയും ഇടവകയുടെ പേരിൽ വാങ്ങിക്കുകയും, അതിനുചേർന്ന് കുരിശ്ശടി നിർമ്മിക്കുകയും ചെയ്തു.
- ഇക്കാലയളവിനുള്ളിൽ കമ്മനിട്ട പുത്തൻപുരയ്ക്കൽ ഗീവർഗ്ഗീസ് കത്തനാർ രോഗബാധയെ തുടർന്ന് ഇഹലോകവാസം വെടിയുകളും അദ്ദേഹത്തിന്റെ മകൻ പുത്തൻപുരയ്ക്കൽ വർഗ്ഗീസ് സെമിനാരി പഠനം പൂർത്തിയാക്കി 1915 ൽ ശെമ്മാശപ്പട്ടവും 1916 ന് പരി. വട്ടശ്ശേരിൽ തിരുമേനിയിൽ നിന്ന് പൂർണ്ണ വൈദികപട്ടവും ഇടവകയ്ക്ക് വേണ്ടി ഏറ്റു.
- 1930തോടുകൂടി മലങ്കര സഭയിൽ കത്തോലിക്ക സഭയുടെ ശക്തമായ അടിയൊഴുക്കുണ്ടായി. അതിൽ കടമ്മനിട്ട ഇടവകയ്ക്കും ചെറുതല്ലാത്ത ക്ഷീണം സംഭവിച്ചു. ഏ.ഡി. 1932 ൽ ഇടവകാംഗവും വികാരിയുമായിരുന്ന പുത്തൻപുരയ്ക്ക് വർഗ്ഗീസ് കത്തനാർ റീത്ത് പ്രസ്ഥാനത്തിലേക്ക് മാറുകയും ഇടവകയിലെ വിവിധ കുടുംബങ്ങളെയും പള്ളിയെ തന്നെയും ആ പ്രസ്ഥാനത്തിലേക്ക് മാറ്റാൻ ശക്തിമായി പരിശ്രമിക്കുകയും ചെയ്തു.
- എന്നാൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അധീനതയിലായിരുന്ന കടമ്മനിട്ടപ്പള്ളിയെ അദ്ദേഹം തന്റെ ചിറകിന്റെ കീഴിൽ മറയ്ക്കുകയും ദൈവ മുമ്പാകെ സമർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അദ്ദേഹം ഇടവകയിലേക്ക് എഴുന്നള്ളി ഇടവക ജനങ്ങൾക്ക് ആശ്വാസം പകർന്നു.
- എന്നാൽ ഇടവക വികാരിയായിരുന്ന പുത്തൻപുരയ്ക്കൽ വർഗ്ഗീസ് കത്തനാരും ഏതാനും കുടുംബഗങ്ങളും ഇടവകയ്ക്ക് നഷ്ടമായി. അവർ കടമ്മനിട്ടയിൽ റീത്ത് പ്രസ്ഥാനത്തിനായി പുതിയൊരു പള്ളി സ്ഥാപിക്കുകയും ചെയ്തു.
- ഇക്കാലയളവിനുള്ളിൽ കരിങ്ങാട്ടിൽ ജേക്കബ് അച്ചൻ ഇടവകയ്ക്ക് വേണ്ടി പട്ടം ഏറ്റ് വികാരിയായി സേവനം അനുഷ്ഠിച്ചു. തുടർന്ന് അദ്ദേഹം ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ സേവനം നടത്തുകയും ചെയ്തു.
- 1968 ൽ ഇടവക ജനങ്ങളിൽ പുതിയൊരു ദേവാലയം വേണമെന്ന് ആഗ്രഹം ഉദിക്കുകയും പൊതുയോഗം ആ തീരുമാനം അംഗീകരിക്കുകയും 1975 ൽ അതിനായി കടമ്മനിട്ട മണ്ണാറകുളഞ്ഞി റോഡിൽ ഇന്ന് കാണുന്ന പുതിയ ദേവാലയത്തിന്റെ സ്ഥലം വാങ്ങുകയും ചെയ്തു.
- 1983 ൽ റ്റി.എം. ശമുവേൽ അച്ചൻ വികാരി ആയിരിക്കുമ്പോൾ ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ പീലക്സീനോസ് തിരുമേനി പുതിയ പള്ളിയുടെ ശിലാസ്ഥാപനം നടത്തി.
- 1989 ൽ റവ. ഫാ. പീറ്റർ തോമസ് അച്ചൻ (ഇന്ന് പീറ്റർ തോമസ് റമ്പാച്ചൻ) വികാരി ആയിരിക്കുമ്പോൾ പള്ളി പണി പൂർത്തീകരിച്ചു.
- 1989 ജനുവരി 20, 21 തീയതികളിൽ മലങ്കര സഭയുടെ അന്നത്തെ പരമാദ്ധ്യക്ഷൻ പരി. ബസേലിയോസ് മാർത്തോമ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവ പള്ളിയുടെ കൂദാശകർമ്മം നിർവ്വഹിച്ചു.
- 1994 ൽ റവ. ഫാ. എം.റ്റി. ജോസഫ് കോർ എപ്പിസ്കോപ്പ ഇടവകയ്ക്കായി ഒരു പാരിഷ്ഹാൾ നിർമ്മിക്കുന്നതിൽ ഉത്സാഹിച്ചു. 2003 ജനുവരിയിൽ പണി പൂർത്തീകരിച്ചു.
- കടമ്മനിട്ട പഴയ പള്ളിയുടെ കാലപ്പഴക്കത്താൽ ജീർണ്ണിച്ച ഭാഗങ്ങൾ പുതുക്കിപ്പണിയുകയും പരി. പാത്രിയർക്കീസ് ബാവയുടെയും പരി. പരുമല തിരുമേനിയുടെയും പാദസ്പർശമേറ്റ് അനുഗ്രഹിതമായ പള്ളി സംരക്ഷിക്കുകയും ചെയ്തു.
- 2023 ജനുവരിയിൽ അതിന്റെ 180–ാം നിറവിൽ എത്തിയ ഇടവക കടമ്മനിട്ട ദേശത്തിന് അനുഗ്രഹീതമായി തന്റെ പൂർവ്വിക പിതാക്കന്മാർ കത്തിച്ചുനൽകിയ വിളക്ക് ഉജ്ജ്വലമായി പ്രകാശിച്ച് നിലകൊള്ളുന്നു.

കോഴഞ്ചേരി പഴയ സുറിയാനിപ്പള്ളി

കേരളത്തിലെ അതിപുരാതന ദേവലയമായി കണക്കാക്കപ്പെടുന്ന ഈ ദേവാലയം ഏ.ഡി. 1599 ൽ സ്ഥാപിക്കപ്പെട്ടു. ഇതര വിഭാഗത്തിൽപ്പെട്ടവരുടെ അക്രമത്തിൽ നശിപ്പിക്കപ്പെട്ട പള്ളി, തെക്കുംകൂർ മഹാരാജാവിൽ നിന്ന് ലഭിച്ച ചെമ്പോലയാൽ 1774 ൽ വി. ദൈവ മാതാവിന്റെ നാമത്തിൽ പുനഃസ്ഥാപിക്കപ്പെട്ടു. പിൽക്കാലത്ത് ഈ ദേവാലയം മാർത്തോമ സഭയുടെ കൈസ്ഥാനത്തിൽ ആയിപ്പോയെങ്കിലും ഇന്നും പഴയ ദേവാലയത്തിന്റെ തനിമയിൽ തന്നെ നിലനിർത്തിപോരുന്നത് അഭിനന്ദനാർഹമാണ്. നിരവധി ദേവാലയങ്ങൾ ഈ പള്ളിയിൽ നിന്നും ഉത്ഭവിച്ചിട്ടുണ്ട്. 1842 ൽ കടമ്മനിട്ടയിലേക്ക് സ്ഥാപിക്കപ്പെട്ട കടമ്മനിട്ടപ്പള്ളിയുടെ മാതൃദേവാലയവും ഇതുതന്നെയാണ്.

വിശുദ്ധ വേദപുസ്തകം – ഒരു ചെറിയ ആമുഖം

ഫാ. ഡോ. കെ.റ്റി. മാത്തുകുട്ടി



ലോകത്തിൽ എഴുതപ്പെട്ട ഏറ്റവും മഹത്തായ ഒരു അത്ഭുതഗ്രന്ഥമാണ് വി. വേദപുത്സകം. മനുഷ്യന്റെ ചിന്തക്കതീതനായിരുന്ന ദൈവം മനുഷ്യന്റെ സ്വീകരണ പ്രാപ്തിക്കനുസരിച്ച് ക്രമാഗതമായി ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർ മുഖാന്തിരം അരുളി ചെയ്ത് ക്രിസ്തുവിൽ പൂർത്തീകരിച്ച ദൈവീക വെളിപാടിന്റെ ചരിത്രമാണിത്. വി. ബൈബിൾ. മാനവലോകം ആകമാനം കാത്തിരുന്ന ഈശ്വരജ്ഞാനം, ദൈവം തന്നെ തന്റെ ആത്മാവിനാൽ പ്രചോദിതരായവർ മുഖേന ക്രമാഗതമായും അവസാനം തന്റെ മനുഷ്യവതാരം വഴിയായി പൂർണ്ണമായും വെളുപ്പെടുത്തിയതിന്റെ ചരിത്രം. ബൈബിൾ കേവലം ഒരു ഗ്രന്ഥം അല്ല, ഒരു വലിയ ലൈബ്രറി തന്നെയാണ്. സാഹിത്യത്തിന്റെ എല്ലാ ശാഖകളും ഇതിലുണ്ട്. വിസ്താരമായ ഈ ഗ്രന്ഥ സമുച്ചയത്തിൽ, പദ്യം, ഗദ്യം, ചരിത്രം, വൈദിക ശാസ്ത്രം, തത്വജ്ഞാനം, സാഹിത്യകൃതികൾ, ദിവ്യോപദിശങ്ങൾ, ദീർഘദർശനങ്ങൾ, നിയമശാസ്ത്രം, ജീവചരിത്രം തുടങ്ങിയ വിഷയങ്ങൾ വിശദമായി വിവരിക്കുന്നു. 1200 ൽ പരം ഭാഷകളിൽ ഇത് പരിവർത്തനം ചെയ്തിട്ടുണ്ട്. കാലാകാലങ്ങളിൽ മനുഷ്യർ ഉന്നയിക്കുന്ന എല്ലാ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കും ഇതിൽ ഉത്തരം ഉണ്ട്. 'ഞാൻ എവിടെ നിന്നാണ് വന്നത്? ഞാൻ എവിടേക്കാണ് പോകുന്നത്? എന്തുകൊണ്ട് ഞാൻ ഇവിടെ? എങ്ങനെ ഞാൻ സത്യം അറിയും? മുതലായ ചോദ്യങ്ങൾക്ക് ഉത്തരം ഇതിലുണ്ട്. ദൈവത്തിനെ കുറിച്ചുള്ള സത്യജ്ഞാനവും മനുഷ്യന്റെ ഉത്ഭവവും പ്രപഞ്ചത്തിന്റെ തുടക്കവും മനുഷ്യന്റെ രക്ഷയുടെയും നിത്യജീവന്റെ മാർഗ്ഗവും എല്ലാം ഇതിലുണ്ട്. ബൈബിളിന്റെ കേന്ദ്രബിന്ദു കർത്താവായ യേശുക്രിസ്തുവും തന്റെ മനുഷ്യാവതാരം മൂലമുണ്ടായ വീണ്ടെടുപ്പും ആണ്. കാലാകാലങ്ങളിലുള്ള എല്ലാ പ്രസ്ഥാനങ്ങളും ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെടുന്നു.

ചെങ്കോലേന്തിയ ചക്രവർത്തി മുതൽ വലയെറിയുന്ന മുക്കുവൻ വരെ, സമുദായത്തിലെ വിവിധ തുറയിലെ പ്രതിനിധികൾ, ആചാര്യന്മാർ, രാജാക്കന്മാർ, രാജ്യതന്ത്രജ്ഞൻ, താത്വികർ, അപ്പോസ്തലന്മാർ, സുവിശേഷകർ തുടങ്ങിയ നാല്പതിൽപ്പരം പേർ ഈ ഗ്രന്ഥകർത്തൃസമിതിയിൽ ഉൾപ്പെടുന്നു. പതിനാറിൽപ്പരം നൂറ്റാണ്ടുകൾ കൊണ്ടാണ് ഇതിന്റെ രചന പൂർത്തിയാക്കിയത്. സൃഷ്ടിയുടെ ആരംഭം തുടങ്ങി മനുഷ്യന്റെ വീഴ്ച, ക്രമാഗതമായ ദൈവിക വെളിപാട് മൂലം വീഴ്ചയിൽനിന്ന് വീണ്ടെടുപ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതി ഒരുക്കപ്പെടുന്നതും മറ്റും വിവരിച്ച് അവസാനം ആ മഹത്വപ്രത്യക്ഷതയ്ക്കും തൽഫലമായ വീണ്ടെടുപ്പും പ്രദർശിപ്പിച്ച് ഈ ഗ്രന്ഥം സമാപിക്കുന്നു.

ഈജിപ്തിലെ നൈൽനദിയുടെ തീരദേശം, അറേബ്യൻ മണലാരണ്യം, പാലും തേനും ഒഴുകുന്ന പാലസ്തീൻ, ഏഷ്യമൈനർ, പൗരാണിക ഗ്രീസ്, രാജകീയ റോമൻ സാമ്രാജ്യം തുടങ്ങിയ ഈ ഗ്രന്ഥ രചനയിൽ കണ്ട രംഗങ്ങൾ ആണ്.

എബ്രായ, ഗ്രീക്ക് എന്ന രണ്ട് ഭാഷകളിലാണ് ഇവ രചിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ വിപുലതയും വൈവിദ്ധ്യവും അത്ഭുതാവഹമായ ഐക്യതയും ഇതിന്റെ അതുല്യതയാണ്. പഴയ നിയമം, പുതിയ നിയമം എന്നീ രണ്ട് പ്രധാനഭാഗങ്ങളാണ് ഇതിലുള്ളത്. ക്രിസ്തുസഭയിൽ പഴയ നിയമത്തിനും പുതിയനിയമവുമായ അഭേദ്യമായ ബന്ധമുണ്ട്. വി. വേദമാകുന്ന വിശിഷ്ടസൗധത്തിന്റെ അടിസ്ഥാനം പഴയ നിയമവും അതിനെ പൂർത്തീകരിക്കുന്ന മനോഹരമായ മേൽക്കെട്ട് പുതിയനിയമവുമാണ്. പഴയ നിയമത്തിന്റെ പൂർത്തീകരണമാണ് പുതിയ നിയമമെങ്കിലും പുതിയനിയമത്തിന്റെ വ്യാഖ്യാനം പഴയതിൽ നിന്നാണ്. വീഴ്ചയുടെ ശേഷം വീണ്ടെടുപ്പിനായി കാത്തിരിക്കുന്ന യഹൂദസഭയെ പഴയനിയമം ചിത്രീകരിക്കുമ്പോൾ പുതിയ നിയമം പ്രത്യാശയുടെ പൂർത്തീകരണമായ വീണ്ടെടുപ്പിനെ കാണിക്കുന്നു. പഴയ നിയമത്തിൽ സഭ ക്രസ്തുവിനായി ഒരുക്കപ്പെടുന്നു. പുതിയ നിയമത്തിലാകട്ടെ ക്രിസ്തു സഭയിലൂടെ ലോകത്തിനു വെളിപ്പെടുന്നു. ഈ മൂലഗ്രന്ഥത്തിന് നാലു വലിയ വിഭാഗങ്ങളായിട്ടാണ് യഹൂദ സഭ വിഭജിച്ചിരിക്കുന്നത്. 1. തോറ, മോശയുടെ അഞ്ചുപുസ്തകങ്ങൾ 2. നിബിം–പ്രവാചകന്മാർ, 3. കൊത്തുബിം – തിരുവെഴുത്തുകൾ, 4. ചരിത്ര പുസ്തകങ്ങൾ.

എല്ലാ പുസ്തകങ്ങളും വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്തരായ വ്യക്തികളാണ് എഴുതിയതെങ്കിലും അവ തമ്മിൽ അത്യൽഭുതകരമായ ഒരു ഐക്യം ഉണ്ട്. ഉല്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തന പുസ്തകങ്ങൾ ക്രിസ്തുവിനു മുമ്പ് 1450 നും 1406 നും മധ്യേ എഴുതപ്പെട്ടു. 1& 2 ശമുവേൽ ബി സി 930 ലും 1&2 രാജാക്കന്മാർ ബിസി 560– 538 ലും 1 & 2 ദിനവൃത്താന്തങ്ങൾ ബിസി 430 ലും നെഹമ്യാവ് ബിസി 445 ലും എസ്ഥേർ ബി സി 483 ലും എഴുതപ്പെട്ടു. എന്നാൽ ഇയ്യോബ് ബിസി 2100നും 1800 ന് മധ്യേ എഴുതപ്പെട്ടതായി കരുതുന്നു. പലരെഴുതിയ സങ്കീർത്തനങ്ങൾ ബിസി 1440നും ബി സി 586 നും മധ്യേ രചിക്കപ്പെട്ടു. ശലോമോന്റെ സദൃശവാക്യങ്ങൾ 970 നും 930 നും മധ്യേ രചിക്കപ്പെട്ടു. സഭാപ്രസംഗി, ഉത്തമഗീതം 935 നും 930 മധ്യേ എഴുതപ്പെട്ടു. ഏശായ 700 ബിസി യിലും യിരമ്യാവ് 627 ലും, വിലാപങ്ങൾ 586 ബിസിയിലും, ഡാനിയേൽ 535 ബിസിയിലും എഴുതപ്പെട്ടു. ഹോശയാ, യോവേൽ, ആമോസ് 796 നും 715നും മധ്യ രചിക്കപ്പെട്ടു. ഒബദ്യാവ് 627ലും, യോന785ലും മീഖാ, നഹും, ഹബക്കുക്, സെഫന്യാവ് 687 ലും 621 നും മധ്യേ എഴുതപ്പെട്ടു. ഹഗ്ഗായി, സെഖര്യാവു 530ലും മാലാഖി 430 ബിസിയിലും എഴുതപ്പെട്ടു.

പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും എഡി ഒന്നാം നൂറ്റാണ്ടിൽ തന്നെ എഴുതപ്പെട്ടു. മർക്കോസ് (55 എ ഡി), ലൂക്കോസ്(60 എ ഡി), മത്തായി 60 എ ഡി, യോഹന്നാൻ 85 എ ഡി, അപ്പോസ്തോല പ്രവർത്തികൾ 63 – 70, റോമർ 70 എ ഡി, 1 കോരിന്ത്യർ എ ഡി 55, 2 കോരി എ ഡി 57, ഗലാത്യ ലേഖനം എ ഡി 49, എഫേസ്യ ലേഖനം എ ഡി 60 ലും, ഫിലിപ്പിയർ എഡി 61ലും കൊലോസ്യർ എ ഡി 60, 1 &2 തെസ്സലോനിക്യർ എ ഡി 61, 1& 2 തീമോത്തി എ ഡി 67, തിത്തോസ് എ ഡി 65, ഫിലോമോൻ എ ഡി 60 എസ്, എബ്രായർ എഡി 68, യാക്കോബ് എഡി 65, 1& 2 പത്രോസ് എ ഡി 65& 66ലും, 1,2,3 യോഹന്നാൻ എ ഡി 90–95, യൂദ എ ഡി 65 ലും വെളിപാട് 95 എ ഡിയിലും എഴുതപ്പെട്ടു എന്ന് വിശ്വസിക്കപ്പെടുന്നു.

ചുരുക്കത്തിൽ പതിനാറിൽപരം നൂറ്റാണ്ടുകൾ കൊണ്ട് ഭിന്ന സംസ്കാരങ്ങളിലുള്ള നാൽപതിൽപരം ആളുകൾ എഴുതി പൂർത്തീകരിച്ച ഈ ഗ്രന്ഥം ഒരു അത്ഭുതം തന്നെയാണ്..

കർത്താവിന്റെ മുന്നോടി

ഫാ. പി.സി. ഐസക് പുളിക്കക്കുഴിയിൽ

നമ്മുടെ കർത്താവിന്റെ മുന്നോടിയായിവന്ന വി.യോഹന്നാൻ മാംദാന തന്റെ വാക്കുകൾ കൊണ്ട് ജനഹൃദയങ്ങളെ ചലിപ്പിച്ചവനാണ്. തന്റെ ശബ്ദം കേട്ടവരിൽ രൂപാന്തരം ഉണ്ടായി. പലരും അദ്ദേഹത്തിന്റെ അടുക്കൽ വന്ന് ഞങ്ങൾ എന്തു ചെയ്യണം എന്ന് ചോദിച്ചു. അവർക്കെല്ലാം അദ്ദേഹം വേണ്ട ഉപദേശം നൽകി. മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ വാക്കായി, യേശുവിനുവേണ്ടി ഒരു ശബ്ദമായിത്തീർന്ന വി.യോഹന്നാൻ മാംദാന. അവനോ വളരേണം ഞാൻ കുറയേണം എന്ന് തന്റെ ജീവിതത്തിലൂടെ കാണിച്ചുതന്ന വി.യോഹന്നാൻ മാംദാന, ഇന്നത്തെ തലമുറയ്ക്ക് ഒരു മുന്നറിയിപ്പ് നൽകുകയാണ്. ചെയ്യുന്നതെല്ലാം മറ്റുള്ളവർ കാണണം എന്നുള്ളതിനുപരിയായി രഹസ്യത്തിൽ ചെയ്യുന്നതിനാണ് പ്രതിഫലം ലഭിക്കുന്നത്. പുരോഹിത കുടുംബത്തിൽ ജനിച്ചെങ്കിലും മറ്റുപല പദവികളും ലഭിക്കാമായിരുന്നിട്ടും എല്ലാം ക്രിസ്തുനിമിത്തം ഛേദം എന്ന് എണ്ണിയ വിശുദ്ധനാണ് പരിശുദ്ധനായ യോഹന്നാൻ മാംദാന. അനീതിക്കെതിരെ പോരാടിയ പ്രവാചകനാണ് വി. യോഹന്നാൻ മാംദാന. സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരുമില്ല എന്ന് നമ്മുടെ കർത്താവ് അരുളി ചെയ്തു.

ഈ പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായ കടമ്മനിട്ട സെന്റ് ജോൺസ് ഓർത്തഡോക്സ് ദേവാലയം ഇന്ന് 180 ന്റെ നിറവിലാണ്. ഈ ദേവാലയം ദേശത്തിന് ഒരു തിലകക്കുറിയായി നിലകൊള്ളുകയും അനേകർക്ക് ഒരു അഭയകേന്ദ്രമായും തീർന്നിരിക്കുന്നു. പരിശുദ്ധ യൂഹാനോൻ മാംദാനയുടെ നാമത്തിൽ സ്ഥാപിതമായ കടമ്മനിട്ടപ്പള്ളി, കടമ്മനിട്ടയെന്ന കൊച്ചുകുന്നിൻ ഭൂമിയിലെ അനുഗ്രഹത്തിന്റെ വറ്റാത്ത നീരുറവകളായി, ആത്മീയ നിറവിൽ നിലകൊള്ളുന്നു.

സത്യവിശ്വാസത്തിന്റെ സംരക്ഷകരായി നമ്മുടെ പിതാക്കന്മാർ ജീവൻ പണയപ്പെടുത്തിയും സംരക്ഷിച്ച പുണ്യഭൂമിയാണ് കടമ്മനിട്ടപ്പള്ളി. പരിശുദ്ധ പരുമല തിരുമേനിയുടെ പാദസ്പർശത്താൽ അനുഗ്രഹീതമായ കടമ്മനിട്ടയുടെ പുണ്യഭൂമിയിൽ നാടിനനുഗ്രഹമായി നിലകൊള്ളുന്നു. കടമ്മനിട്ട പള്ളിയിലെ പെരുന്നാൾ ദേശത്തിന്റെ പെരുന്നാളായി എല്ലാവർഷവും മകരം 6, 7 തീയതികളിൽ കൊണ്ടാടുന്നു. നമ്മുടെ കർത്താവിന്റെ മുന്നോടിയായി, സത്യത്തിനും നീതിക്കും വേണ്ടി തന്റെ ജീവനെ വെടിഞ്ഞ സ്നാപക മോർ യൂഹോനോന്റെ ഈ വലിയ പെരുന്നാൾ, ഇടവക അതിന്റെ 180 വാർഷികം ആഘോഷിക്കുമ്പോൾ ഏറ്റവും സമുചികമായി കൊണ്ടാടുന്ന ഈ അവസരത്തിൽ ആ പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം ചേർന്നു നമുക്കുപാടാം.

പുണ്യനിധേ! യൂഹോനോനെ നി–ന്നോർമ്മ–ദിനം
ദേവാഗാരങ്ങൾക്കെന്നും–പ്രകാരം തന്നെ

ഈ ദേവാലത്തിൽ വന്ന് പ്രാർത്ഥിക്കുന്ന എല്ലാവർക്കും ഈ പരിശുദ്ധന്റെ പ്രാർത്ഥനമൂലം കൂടുതൽ കൂടുതൽ അനുഗ്രഹങ്ങൾ ലഭിക്കട്ടെ.

ഈ പെരുന്നാളിലും ഞാൻ ഓർക്കുന്നു ഈ പിതാവിനെ

ഡോ. ലിജാ കെ. ജോയി

നിർമ്മല ദൈവസ്നേഹത്തെ ലോകത്തിന് പകർന്നുനൽകി സഭയിൽ ശാശ്വത സമാധാനം സ്ഥാപിതമാകുവാൻ അടിയുറച്ച പ്രാർത്ഥനയാലും ഉപവാസത്താലും സ്വജീവിതം പൂർണ്ണമായി സമർപ്പിച്ച മലങ്കരയുടെ മഹിതാചാര്യൻ പരി.മോറാൻ മോർ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ തിരുമേനി, പരി. മാത്യൂസ് പ്രഥമൻ ബാവ കണ്ടെത്തി സഭയ്ക്ക് സമ്മാനിച്ച പിതാവ്.

1973 ജൂൺ 2 ന് വൈദിക പട്ടവും 1985 മേയ് 15 ന് എപ്പിസ്കോപ്പയായും വാഴിക്കപ്പെട്ടു. മെത്രാനാകാൻ 40 വയസ്സ് പൂർത്തിയായിരിക്കണമെന്ന നിബന്ധനയുണ്ടായിരുന്നപ്പോഴാണ് 36 വയസ്സുകാരനായ അദ്ദേഹം മെത്രാനാകാൻ നിയുക്തനായത്. 2006 ഒക്ടോബർ 12 ന് പരുമല സെമിനാരിയിൽ കൂടിയ മലങ്കര അസ്സോസിയേഷൻ പൗരസ്ത്യ കാതോലിക്കായുടെയും മലങ്കര മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. പരി. ബസേലിയോസ് മാർത്തോമ ദിദിമോസ് പ്രഥമൻ കാതോലിക്ക ബാവ സ്ഥാനമൊഴിഞ്ഞതിനെ തുടർന്ന് 2010 നവംബർ 1 ന് പരുമല സെമിനാരി ചാപ്പലിൽ ബസേലിയോസ് മാർത്തോമ പൗലോസ് ദ്വിതീയൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കയായി സ്ഥാനാരോഹണം ചെയ്തു. ഭാരതത്തിലെ പഴമയും പാരമ്പര്യവുമുള്ളതായ ക്രൈസ്തവ സഭയുടെ തലവനാകാൻ നിയോഗിക്കപ്പെട്ടത് താരതമ്യേന ചെറിയ പ്രായത്തിലാണ്.

തന്റെ ജീവനേക്കാൾ വലുത് പരിശുദ്ധ സഭയുടെ സ്വാതന്ത്ര്യവും അഭിമാനവുമാണ് എന്ന് ആവർത്തിച്ചു പറയുകയും 'എന്റെ സഭ' ദൈവത്തിന്റെ സഭ എന്ന് ആത്മാവിൽ ആവേശിച്ച പിതാവ് കലർപ്പില്ലാത്ത നിലപാടുകളുടെയും കാരുണ്യത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും മകുടോദാഹരണം ആയിരുന്നു. അശരണരുടെയും നിസ്സഹായരുടെയും ഹൃദയവേദന തിരിച്ചറിഞ്ഞ അവർക്ക് സ്വാന്തനമാകുന്ന 'സ്നേഹസ്പർശം' പോലെയുള്ള ഒട്ടേറെ പദ്ധതികൾ സഭാതലത്തിൽ നടപ്പാക്കുവാൻ കരുണ ചൊരിഞ്ഞ അവിസ്മരണീയമായ കരുതലിന്റെ പ്രകാശമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അദ്ദേഹത്തിൽ രൂപീകരിക്കപ്പെട്ട വിശുദ്ധ ജീവിതമായിരുന്നു, തന്റെ രോഗാവസ്ഥയിൽ നേരിട്ട വേദനയും അസ്വസ്ഥതകളുമെല്ലാം ഒരു ചെറുപുഞ്ചിരിയോടെ സമചിത്തതയോ സഹിക്കുവാനും വഹിക്കുവാനും കാരണമായത്. പരി. പിതാവിന്റെ പാദസ്പർശനത്താൽ അനുഗ്രഹിക്കപ്പെടുവാൻ കടമനിട്ടയുടെ മണ്ണിനും ഭാഗ്യമുണ്ടായി. 2014 ൽ ഇടവകയുടെ 171-ാമത് പെരുന്നാളിൽ അദ്ദേഹം ഇടവക സന്ദർശിച്ച് മുഖ്യകാർമ്മികനായി വി. ബലി അർപ്പിച്ചു. സ്നേഹത്തിന്റെയും കരുണയുടെയും വഴിത്താരയിൽ മാർഗ്ഗദീപമായി അദ്ദേഹം എന്നുമുണ്ടാകും. വി.യോഹന്നാൻ മാംദാനയെപ്പോലെ തിന്മയ്ക്കെതിരെ പ്രതികരിക്കുന്ന ശക്തമായ നിലപാടുകളുടെ പ്രതീകമായിരുന്നു അദ്ദേഹം. മാനവ സ്നേഹത്തിന്റെ ഉദാത്ത മാതൃക കാട്ടിത്തന്ന മലങ്കരയുടെ ഭാഗ്യതേജസ്സായ പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയും ആയിരിക്കട്ടെ.

സഭാ കവി സി.പി. ചാണ്ടി



കോട്ടയം വൈദിക സെമിനാരി, പത്തനംതിട്ട കാതോലിക്കേറ്റ് സ്കൂൾ എന്നിവിടങ്ങളിൽ മലയാളം അദ്ധ്യാപകനായി പ്രവർത്തിച്ച ഇദ്ദേഹം മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാക്രമങ്ങൾ സുറിയിനിയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിനാൽ സഭാകവി എന്നു വിളിക്കപ്പെടുന്നു. കാതോലിക്ക മംഗളഗാനം ഉൾപ്പടെ നിരവധി ഗാനങ്ങൾ എഴുതിയ അദ്ദേഹം കടമ്മനിട്ടപ്പള്ളിക്കുവേണ്ടി എഴുതിയഗാനം.

(ഉത്ഥാനത്താൽ..... എന്നരീതി)

1. സ്നാപക യോഹന്നാനാം താതാ രാപകലെന്നും
   നാഥൻമുമ്പിൽ പ്രാർത്ഥിക്കണമേ ഞങ്ങൾക്കായി — സ്നാപക .....
2. ഏലിശുബാതന്നുദരം തന്നിൽ സ്ഥിതിചെയ്യുമ്പോൾ
   ആനന്ദത്താൽ തുള്ളിയപിള്ള വീരപിതാവേ — സ്നാപക .....
3. നീണ്ടൊരു രോമകുപ്പായവുമായ് മരുവിൽമേവി
   തീനിനുതേനും വെട്ടുക്കിളിയും കൈക്കൊണ്ടോനേ — സ്നാപക .....
4. ഏലിയാരുന്നാത്മബലത്തോടാഗതനായി
   രാജസുതൻതൻ പാതയൊരുക്കാൻ പാടേറ്റോനേ — സ്നാപക .....
5. പാപം കൈവിട്ടതരാവാനേവരെയും താൻ
   ആവേശത്തോടങ്ങാഹ്വാനം ചെയ്ത പിതാവേ — സ്നാപക .....
6. സ്വർഗ്ഗപിതാവിന്നകാത്മജനാം മഹിശാതന്നെ
   യോർദ്ദാനാറ്റിൽ ജ്ഞാനസ്നാനം ചെയ്യിച്ചോനേ — സ്നാപക .....
7. ആഹ്ളാദത്തോടാ രക്ഷകനെ പുരുഷാരത്തിൽ
   ദൈവത്തിൻ കുഞ്ഞാടെന്നേവം സാക്ഷിച്ചോനെ — സ്നാപക .....
8. സ്ത്രീകളിൽ നിന്നും ജാതം ചെയ്തോർ മനുജന്മാരിൽ
   ശ്രേഷ്ഠനവൻതാനെന്നഖിലേശൻ ഘോഷിച്ചോനേ — സ്നാപക .....
9. തൻ തലപോലും സത്യത്തിനായ് ബലിനൽകീടാൻ
   ധൈര്യസമേതം രാജസമക്ഷം നിലകൊണ്ടോനേ — സ്നാപക .....

കാര്യപരിപാടികൾ

ശ്രീമതി വീണാ ജോർജ്

അഭി. യൂഹാനോൻ മാർ പോളിക്കോർപ്പോസ് മെത്രാപ്പോലീത്ത

ഡോ. അലക്സാണ്ടർ ജേക്കബ് ഐപിഎസ്

റവ. ഫാ. കെ.ജി. ജോൺസൺ കോർ-എപ്പിസ്കോപ്പ കല്ലിട്ടതിൽ

2023 ജനുവരി 14 ശനി

വൈകിട്ട് 6.00 ന് : **സന്ധ്യാനമസ്കാരം** (പുതിയ പള്ളിയിൽ)
7.05 ന് : **യുവജന-പ്രവാസി സംഗമം**

2023 ജനുവരി 15 ഞായർ

രാവിലെ 7.15 ന് : **പ്രഭാത നമസ്കാരം**
8.00 ന് : **വി. കുർബാന**
റവ. ഫാ. കെ.ജി. ജോൺസൺ കോർ-എപ്പിസ്കോപ്പ കല്ലിട്ടതിൽ
(തുമ്പമൺ ഭദ്രാസന സെക്രട്ടറി)
9.30 ന് : **കൈമുത്ത്**
പെരുന്നാൾ കൊടിയേറ്റ്
10.00 ന് : **അഷ്ടദശശതാബ്ദി വാരാഘോഷവും കുടുംബസംഗമവും**
ഉദ്ഘാടനം : **ശ്രീമതി വീണാജോർജ്**
(ബഹു. ആരോഗ്യ, കുടുംബ ക്ഷേമ വകുപ്പ് മന്ത്രി)
10.30 ന് : **മുഖ്യപ്രഭാഷണം**
ഡോ. അലക്സാണ്ടർ ജേക്കബ് ഐപിഎസ്
(മുൻ ഡിജിപി)
ആദ്ധ്യാത്മിക സംഘടനാവാർഷികം
ഉച്ചയ്ക്ക് 12.00 ന് : **സംഘടനാ വാർഷിക റിപ്പോർട്ട്**
1. പ്രാർത്ഥനായോഗം
2. സ്ത്രീ സമാജം
3. യുവജനപ്രസ്ഥാനം
4. സണ്ടേസ്കൂൾ

12.40 ന് : ആശംസ, നന്ദി, പ്രാർത്ഥന
1.00 ന് : സ്നേഹവിരുന്ന്

2023 ജനുവരി 17 ചൊവ്വ

വൈകിട്ട് 6.15 ന് : **സന്ധ്യാനമസ്കാരം**
7.00 ന് : **ധ്യാനപ്രസംഗം**
റവ. ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്, കോന്നി
8.00 ന് : ആശിർവാദം

2023 ജനുവരി 18 ബുധൻ

വൈകിട്ട് 6.15 ന് : **സന്ധ്യാനമസ്കാരം**
7.00 ന് : **ധ്യാനപ്രസംഗം**
റവ. ഫാ. മാത്യു ഏബ്രഹാം, തലവൂർ
8.00 ന് : ആശിർവാദം

2023 ജനുവരി 19 വ്യാഴം

വൈകിട്ട് 6.15 ന് : **സന്ധ്യാനമസ്കാരം**
7.00 ന് : **ധ്യാനപ്രസംഗം**
റവ. ഫാ. തോമസ് രാജു, കരുവാറ്റ
8.00 ന് : ആശിർവാദം

2023 ജനുവരി 20 വെള്ളി

രാവിലെ 7.00 ന് : **പ്രഭാത നമസ്കാരം** (പഴയ പള്ളിയിൽ)
7.45 ന് : **വി. കുർബാന**
8.45 ന് : **കൈമുത്ത്**
പിതൃസ്മൃതി
(സകല വാങ്ങിപ്പോയവരേയും ഓർത്ത് സെമിത്തേരിയിൽപ്രത്യേക ധൂപ പ്രാർത്ഥന)

വൈകിട്ട് 6.00 ന് : **പെരുന്നാൾ സന്ധ്യാനമസ്കാരം**
(പഴയ പള്ളിയിൽ)
അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്
7.00 ന് : **പ്രദക്ഷിണം**
പഴയ പള്ളിയിൽ നിന്നും ആരംഭിച്ച് കടമ്മനിട്ട ജംഗ്ഷൻ, വേക്കൽപ്പടി, കല്ലൂർമുക്ക്, വിളയിൽപീടിക, കല്ലേലിമുക്ക് കുരിശടി തിരികെ പുതിയ പള്ളിയിലേക്ക്
9.00 ന് : **ശ്ലൈഹിക വാഴ്വ്**
വാദ്യമേളങ്ങളുടെ ഡിസ്പ്ലേ
(കൊല്ലം തായമ്പക സംഘം)

2023 ജനുവരി 21 ശനി

രാവിലെ 7.15 ന് : **പ്രഭാത നമസ്കാരം**
8.00 ന് : **വി. കുർബാന** (മൂന്നിൻ മേൽ)
അഭി. യൂഹാനോൻ മാർ പോളിക്കോർപ്പോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ
(അങ്കമാലി ഭദ്രാസനം)
9.15 ന് : **കുരിശടിയിലേക്ക് പ്രദക്ഷിണം**
കൊടിയിറക്ക്
9.30 ന് : **പെരുന്നാൾ വാരാഘോഷം സമാപനം**
പെരുന്നാൾ സന്ദേശം
(അഭിവന്ദ്യ തിരുമനസ്സുകൊണ്ട്)
10.00 ന് : **മാതൃ-പിതൃവന്ദനം**
(75 വയസ്സിന് മുകളിലുള്ളവരെ ആദരിക്കുക)
സമ്മാനദാനം
10.30 ന് : **കൈമുത്ത്**
നേർച്ച വിളമ്പ്

Printed & Published by : St. Johns Orthodox Church, Kadammanitta. Editor : Geevarughese John, Vekkal